MONDAY 22-11-2021 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -22/11/2021

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ പച്ചക്കറിതൈകൾ, പപ്പായ (റെഡ് ലേഡി), മുരിങ്ങ തൈകൾ, തെങ്ങിൻതൈകൾ, ഗ്രാഫ്റ്റ്/ലെയർ തൈകൾ, ജൈവഉല്പന്നോപാദികളായ ട്രൈക്കോഡെർമ്മ സമ്പുഷ്ടീകരിച്ച വേപ്പിൻപിണ്ണാക്ക്, ചാണക മിശ്രിതം, അയർ, സമ്പൂർണ്ണ കെ.എ.യു മൾട്ടിമിക്സ് (നെല്ല്, വാഴ, പച്ചക്കറി) എന്നിവയും ജൈവകീടനാശിനികളായ നന്മ, ശ്രേയ, ഫിഷ് അമിനോ ആസിഡ്, പുകയിലക്കഷായ കിറ്റ്, മാവിനും പച്ചക്കറികൾക്കുമുള്ള ഫിറമോൺ കെണികൾ, കൂണുകൾ, കൂൺ വിത്തുകൾ തുടങ്ങിയവയും വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

2. പെറ്റ്ഷോപ്പ് നടത്തുന്നവർക്കും അനിമൽ ബ്രീഡിംഗ് നടത്തുന്ന സംരംഭകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് സ്റ്റേറ്റ് ആനിമൽ വെൽഫെയർ ബോർഡിന്റെ യോഗത്തിൽ തീരുമാനിച്ചതായി മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അറിയിച്ചു.

3. എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഗുണമേന്മയുള്ള കരിമീൻ കുഞ്ഞുങ്ങൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **8281757450, 9995874050 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.**

4. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/സംഘടനയെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്റ്റേർഡ് സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം **ഡിസംബർ മാസം 10-ാം** തീയതിയ്ക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ മൂന്ന് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000 രൂപ ക്യാഷ് അവാർഡും

സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷാ ഫോറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിയ്ക്കുന്നു

5. റബ്ബർബോർഡിന്റെ മാർക്കറ്റ് പ്രൊമോഷൻ ഡിവിഷനിൽ **'ഇലക്ട്രോണിക് ട്രേഡിങ് പ്ലാറ്റുഫോമു'മായി ബന്ധപ്പെട്ട ജോലികൾക്ക് 'ബിസിനസ്സ് ട്രെയിനി'** ആയി താൽകാലികാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ മാസ്റ്റർ ഓഫ് ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ (മാർക്കറ്റിങ്)-ൽ ബിരുമോ ഇക്കണോമിക്സിൽ മാസ്റ്റർ ബിരുദമോ ഉള്ളവരും കംപ്യൂട്ടർ പരിചയം ഉള്ളവരും ആയിരിക്കണം. മാർക്കറ്റിങ്/ സെയിൽസ്/മാർക്കറ്റ് റിസേർച്ച് എന്നിവയിലെ പ്രവൃത്തിപരിചയം അഭികാമ്യമാണ്. കോട്ടയത്ത് പുതുപ്പള്ളിയിലെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റ് പ്രൊമോഷൻ ഡിവിഷനിലെ രണ്ട് ഒഴിവുകളിലേക്കാണ് നിയമനം നടത്തുന്നത്. താത്പര്യമുള്ളവർ നവംബർ 29-ന് വൈകിട്ട് 5.00 മണിക്ക് മുമ്പായി ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിങ്), മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രം, കോട്ടയം-9 എന്ന വിലാസത്തിൽ അപേക്ഷകൾ നൽകണം. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അർഹത നേടുന്നവർ 2021 ഡിസംബർ മൂന്നിന് കോട്ടയത്ത് റബ്ബർ ബോർഡിന്റെ കേന്ദ്ര ഓഫീസിൽ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in സന്ദർശിക്കുക.

**പരിശീലന പരിപാടികൾ**

6. കോഴിക്കോട് ജില്ലയിൽ 2021-22 ക്വാളിറ്റി കൺട്രോൾ പദ്ധതിയുടെ ഭാഗമായി **ചെറുകിട വളം, കീടനാശിനി ഡിലർമാർക്ക്** ജില്ലാ തലത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. തിക്കോടി , വടകര, പേരാമ്പ്ര, തോടന്നൂർ, തൂണേരി, കുന്നുമ്മൽ ബ്ലോക്ക് പരിധിയിൽ വരുന്ന ഡീലർമാർക്ക് ഈ മാസം **29-ന്** (29/11/2021) രാവിലെ 10.30 നും, കോഴിക്കോട്, കാക്കൂർ, കുന്നമംഗലം, കൊടുവള്ളി, കൊയിലാണ്ടി, ബാലുശ്ശേരി എന്നീ ബ്ലോക്കുകൾക്ക് അന്നേ ദിവസം 2 മണിക്കും നഗര കാർഷിക മൊത്ത വിപണന കേന്ദ്രം, വേങ്ങേരിയിലെ വീഡിയോ കോൺഫറൻസ് ഹാളിൽ വച്ച് പരിശീലനം നടത്തുന്നു. പരിശീലന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിപാടിയിൽ എല്ലാ ഡീലർമാരും പങ്കെടുക്കണമെന്ന് കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഐ.എസ്.ഒ./ഐ.ഇ.സി. 17025:2017 പ്രകാരമുള്ള ലബോറട്ടറി ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റത്തിലും ഇന്റേണൽ ഓഡിറ്റിലും ഡിസംബർ 7 മുതൽ 10 വരെ പരിശീലനം നൽകുന്നു. നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ് & കാലിബ്രേഷൻസ്-ന്റെ ഔദ്യോഗികമായ അംഗീകാരത്തിനാവശ്യമായ കാര്യങ്ങളെക്കുറിച്ചും വ്യവസ്ഥകളെക്കുറിച്ചും മുൻകൂട്ടി മനസ്സിലാക്കുന്നതിന് പരിശീലനം സഹായിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **0481 2353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയാടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഇന്ന് **കാടവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479 2457778** എന്ന നമ്പരിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. രണ്ട് ഡോസ് കോവിഡ് വാക്സിൻ എടുത്ത സർട്ടിഫിക്കറ്റ് പരിശീലനസമയത്ത് ഹാജരാക്കേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. നല്ല രീതിയിൽ മഴ ലഭിക്കുന്ന നീർവാർച്ച സൗകര്യം കൂടിയ കൃഷിസ്ഥലങ്ങളിൽ കപ്പ നടുന്നതിനു അനുയോജ്യമായ സമയമാണിത്. അമ്ലാംശം അനുസരിച്ചു സെന്റിന് ഒന്നു മുതൽ രണ്ടു കിലോഗ്രാം വരെ കുമ്മായം ചേർത്തിളക്കി 10 ദിവസത്തിന് ശേഷം ഒരു മൂട് കപ്പയ്ക്ക് ഏകദേശം ഒരു കിലോഗ്രാം ജൈവവളം, 50 ഗ്രാം റോക്ഫോസ്ഫേറ്റ്, ഇനത്തിനനുസരിച്ചു യൂറിയ, പൊട്ടാഷ് എന്നിവ പകുതി വീതവും മണ്ണിൽ ചേർത്തിളക്കി ഉയർന്ന കൂനകൾ നിർമ്മിച്ചതിനുശേഷം 15:20 സെന്റീമീറ്റർ നീളത്തിൽ ആരോഗ്യമുള്ള കപ്പക്കമ്പുകൾ 5 സെന്റീമീറ്റർ മണ്ണിൽ താഴ്ത്തി നടുക. ശാഖകൾ ഉണ്ടാകുന്ന സാധാരണ ഇനങ്ങൾ ഏകദേശം ഒരു മീറ്റർ അകലത്തിൽ വേണം കൂനകൾ നിർമ്മിച്ച് നടാൻ. അടുപ്പിച്ചുള്ള നന രമിച്ചീനിക്ക് ദോഷം ചെയ്യുന്നതിനാൽ കൃത്യമായ നീർവാർച്ച സൗകര്യമൊരുക്കി ആവശ്യാനുസരണം മണ്ണിൽ നനവ് ഉറപ്പു വരുത്തുക.